## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1001** — **05/03/2018-ലെ മറുപടിക്ക്**

# എച്ച്.എസ്സ്.എ-ഇംഗ്ലീഷ്-ഒഴിവുകളിലെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വിൻസെന്റ്: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ നിലവിൽ എച്ച്.എസ്സ്.എ- ഇംഗ്ലീഷിന് എത്ര ഒഴിവുകൾ ഉണ്ട് ; പി എസ്സ്സി യ്ക്ക് റിപ്പോർട്ട് ചെയ്തത് എത്ര എണ്ണം; | (എ) എച്ച്എസ്സ്എ (ഇംഗ്ലീഷ്) തസ്തികയിൽ റഗുലർ ഒഴിവ് നിലവിലില്ല. 2017-18 ലെ തസ്തിക നിർണ്ണയ പ്രകാരം തസ്തിക നഷ്ടമായ എച്ച്എസ്സ്എ (ഇംഗ്ലീഷ്) അദ്ധ്യാപകരിൽ ആറ് പേരെ ഇനിയും ക്രമീകരിക്കേണ്ടതായുണ്ട്. നിലവിൽ റിപ്പോർട്ട് ചെയ്യിട്ടുള്ള നാല് ഒഴിവുകൾ ആയതിലേയ്ക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. |
| (ബി) പി. എസ്സ്. സി നേരിട്ടുള്ള നിയമനം വഴി എച്ച്എസ്സ്എ ഇംഗ്ലീഷിന്റെ എത്ര ശതമാനം ഒഴിവുകളാണ് നികത്തുന്നത് ; | (ബി) 23.01.2018 ലെ സ.ഉ (എം.എസ്) നം. 06/2018/പൊ.വി. പ്രകാരം എച്ച്എസ്സ്എ ഇംഗ്ലീഷിന്റെ 50% ഒഴിവുകളാണ് പി.എസ്സ്.സി നേരിട്ടുള്ള നിയമനം വഴി നികത്തേണ്ടത്. |
| (സി) കേരള വിദ്യാഭ്യാസ നിയമം അനുസരിച്ച് ഇംഗ്ലീഷ് ഭാഷയാണോ അഥവാ കോർ സബ്ജക്ട് ആണോയെന്ന് വെളിപ്പെടുത്തുമോ ; | (സി) 07/01/2002 ലെ സ.ഉ(എം.എസ്) 11/02/പൊ.വി.വ പ്രകാരം ഇംഗ്ലീഷിനെ കോർവിഷയങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയാണ്, കോർവിഷയങ്ങളുടെ വിതരണ ക്രമം പുന: ക്രമീകരിക്കുകയുണ്ടായത്. ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ, 06/06/2003 ലെ സ.ഉ(പി) നം. 149/2003/പൊ.വി.വ പ്രകാരം (എസ്.ആർ.ഒ നം. 506/2003) വരുത്തിയ ഭേദഗതി അനുസരിച്ച് കെ.ഇ.ആർ അധ്യായം XXIII ൽ ചട്ടം 6(I) ആയി Sanctioning of post of High School Assistant (English) ചേർക്കപ്പെട്ടു. ടി കെ.ഇ.ആർ ഭേദഗതി ഉത്തരവ് വഴി, കെ.ഇ.ആർ അധ്യായം XXXI ൽ ചട്ടം 2 ന്റെ 2(b)(X) ആയാണ് ഹൈസ്കൂൾ അസിസ്റ്റന്റിന്റെ വിദ്യാഭ്യാസ യോഗ്യത ചേർത്തത്. High School Assistant (Languages) ന്റെ യോഗ്യതകൾ പരാമർശിക്കുന്നതിന്റെ |

അവസാന ഭാഗത്തായി ഇവ ചേർത്തതുമൂലമാണ് ഇംഗ്ലീഷിനെ ഭാഷാ വിഷയമായി പരിഗണിച്ചുവെന്ന തോന്നലുണ്ടായത്.

(ഡി) ഇംഗ്ലീഷിന് ഒരു തസ്തിക പോലുമില്ലാത്ത 29 ഗവൺമെന്റ് സ്കൂളുകളിൽ ഇംഗ്ലീഷിന് അദ്ധ്യാപകരെ നിയമിക്കാനും തസ്തിക സൃഷ്ടിക്കാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ എന്തെല്ലാം ;

(ഡി) ഹൈസ്കൂൾ വിഭാഗത്തിൽ നിശ്ചിത ഡിവിഷനുകൾ (മിനിമം 5 ഡിവിഷൻ) ഇല്ലാത്തതിനാലാണ് പ്രസ്തുത സ്കൂളുകളിൽ എച്ച്എസ്സ്എ (ഇംഗ്ലീഷ്) തസ്തിക അനുവദിച്ചിട്ടില്ലാത്തത്. നിശ്ചിത തസ്തിക നിലവിലില്ലാത്ത സ്കൂളുകളിൽ അദ്ധ്യാപക നിയമനം നടത്തുന്നതിന് പ്രത്യേക നടപടി സ്വീകരിച്ചിട്ടില്ല.

(ഇ) GO(Rt) No. 521/2018/ GEDN dt 01.02.2018 സർക്കാർ ഉത്തരവ് പ്രകാരം പോസ്റ്റ്കൺവേർഷൻ , ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളില്ലെങ്കിൽ പി എസ്സ്സി വഴി നേരിട്ട് നിയമനം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ഉത്തരവ് പ്രകാരം പി എസ്സ്സി വഴി നേരിട്ടുള്ള നിയമനം എത്ര ശതമാനമാണ് ;

(ഇ) OA(EKM) നം. 1601/2017 കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 01/08/2017 ലെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് പ്രസ്തുത സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ ഇപ്പോൾ നിലവിലുള്ള സ.ഉ (എം.എസ്) നം. 06/2018/പൊ.വി., തീയതി 23.01.2018 പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം, പ്രൊമോഷൻ, തസ്തികമാറ്റ നിയമനം എന്നിവയ്ക്ക് മതിയായ ഉദ്യോഗാർത്ഥികളില്ലെങ്കിൽ ടി ഒഴിവുകൾ പി.എസ്സ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് നിബന്ധന ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പി.എസ്സ്.സി. വഴിയുള്ള നിയമനം 50% ആയിരിക്കും എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(എഫ്) തിരുവനന്തപുരം ജില്ലയിൽ എച്ച്എസ്സ്എ ഇംഗ്ലീഷിന്റെ സർക്കാർ അംഗീകൃത തസ്തികകളുടെ എണ്ണം; ജോലി ചെയ്യുന്ന അദ്ധ്യപകർ; അവർ ജോലി ചെയ്യുന്ന സ്കൂളുകളുടെ വിവരം എന്നിവ ലഭ്യമാക്കാമോ ?

(എഫ്) 2017-18 തസ്തിക നിർണ്ണയ പ്രകാരം എച്ച്.എസ്സ്.എ ഇംഗ്ലീഷിന് 241 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 1:40 അനുപാതത്തിൽ 6 അദ്ധ്യാപകരെ താത്കാലികമായി നിലനിർത്തിയിട്ടുണ്ട്. നിലവിലുള്ള 4 ഒഴിവുകളിൽ 4 അദ്ധ്യാപകരെ ക്രമീകരിക്കേണ്ടി വരും. അപ്രകാരം എച്ച്.എസ്സ്.എ (ഇംഗ്ലീഷ്) തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ എണ്ണം 243 ആണ്. ടി അദ്ധ്യാപകർ ജോലി ചെയ്യുന്ന സ്കൂളുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

| ക്രമ നം | സ്കൂൾ കോഡ് | സ്കൂളിന്റെ പേര് | എച്ച് എസ് എ ഇംഗ്ലീഷ് |
|---|---|---|---|
| 1 | 42018 | ജി.എച്ച്.എസ്.എസ് കാപ്പിൽ | 1 |
| 2 | 42003 | ജി.എച്ച്.എസ്.എസ് അരുവിക്കര | 2 |
| 3 | 42004 | ഗവൺമെന്റ് റ്റി.എച്ച്.എസ് മീനങ്കൽ | 2 |
| 4 | 42005 | ഗവൺമെന്റ് വി ആന്റ് എച്ച്.എസ്.എസ് ആര്യനാട് | 2 |
| 5 | 42006 | ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ് ഫോർ ബോയ്സ് ആറ്റിങ്ങൽ | 5 |
| 6 | 42007 | ഗവൺമെന്റ് വി.എച്ച്.എസ്.എസ് ആലംകോട് | 1 |
| 7 | 42008 | ഗവൺമെന്റ് എച്ച്.എസ്.എസ് ഫോർ ഗേൾസ് ആറ്റിങ്ങൽ | 7 |
| 8 | 42011 | ജിഎച്ച്.എസ്.എസ് എളമ്പ | 4 |
| 9 | 42015 | വി.എൻ.എം ജി.എച്ച്.എസ്.എസ് കുന്തല്ലൂർ | 2 |
| 10 | 42021 | ജി.എച്ച്.എസ് അവനവൻചേരി | 4 |
| 11 | 42023 | ജി.എച്ച്.എസ്.എസ് കവലയൂർ | 1 |
| 12 | 42025 | ജി.എച്ച്.എസ്.എ കിളിമാനൂർ | 10 |
| 13 | 42026 | ജി.ബി.എച്ച്.എസ്.എ മിതിർമല | 2 |
| 14 | 42027 | ജി.ജി.എച്ച്.എസ്.എസ് മിതിർമല | 2 |
| 15 | 42028 | ജി.എച്ച്.എസ്.എസ് ഭരതന്നൂർ | 3 |
| 16 | 42030 | ജി.എച്ച്.എസ് മടത്തറക്കാണി | 1 |
| 17 | 42034 | ജി.എച്ച്.എസ്.എസ് നാവായിക്കുളം | 4 (ഒരു പോസ്റ്റ് വേക്കന്റ്) |
| 18 | 42035 | ജി.വി.എച്ച്.എസ്.എസ് ഞെക്കാട് | 9 |
| 19 | 42039 | ജി.എച്ച്.എസ്.എസ് പൂവത്തൂർ | 1 |
| 20 | 42040 | ജി.എച്ച്.എസ് കരിപ്പൂർ | 2 |
| 21 | 42042 | ജി.എച്ച്.എസ്.എസ് ഫോർ ഗേൾസ് നെടുമങ്ങാട് | 6 |
| 22 | 42044 | ജി.വി.എച്ച്.എസ്.എസ് വെള്ളനാട് | 8 |
| 23 | 42047 | ജി.വി.എച്ച്.എസ്.എസ് പകൽക്കുറി | 2 |
| 24 | 42049 | ജി.എച്ച്.എസ്.എസ് പള്ളിക്കൽ | 1 |
| 25 | 42051 | ജി.എച്ച്.എസ്.എസ് വെഞ്ഞാറമൂട് | 8 (ഒരു പോസ്റ്റ് വേക്കന്റ്) |
| 26 | 42052 | ജി.എച്ച്.എസ്.എസ് വക്കം | 1 |
| 27 | 42054 | ജി.എച്ച്.എസ്.എസ് പാളയംകുന്ന് | 4 |
| 28 | 42058 | ജി.എം.എച്ച്.എസ്.എസ് വർക്കല | 5 |
| 29 | 42059 | ജി.വി.എച്ച്.എസ്.എസ് വിതുര | 6 |
| 30 | 42061 | ജി.എച്ച്.എസ്.എസ് തൊളിക്കോട് | 2 |
| 31 | 42062 | വി.കെ. കാണി ഗവൺമെന്റ് എച്ച്.എസ് പനക്കോട് | 1 |
| 32 | 42063 | ജി.എച്ച്.എസ്.എസ് വെട്ടൂർ | 1 |
| 33 | 42065 | ജി.എച്ച്.എസ്.എസ് തട്ടത്തുമല | 2 |
| 34 | 42066 | ജി.വി.എച്ച്.എസ്.എസ് കരകുളം | 1 |
| 35 | 42068 | ജി.എച്ച്.എസ് ചെറുന്നിയൂർ | 2 |

| ക്രമ നം | സ്കൂൾ കോഡ് | സ്കൂളിന്റെ പേര് | എച്ച്.എസ് എ ഇംഗ്ലീഷ് |
|---|---|---|---|
| 36 | 42069 | ജി.എച്ച്.എസ് നഗരൂർ | 1 |
| 37 | 42071 | ഗവൺമെന്റ് വി.എച്ച്.എസ്.എസ് കല്ലറ | 7 |
| 38 | 42072 | ഗവൺമെന്റ് എച്ച്.എസ്.എസ് ആഴൂർ | 1 |
| 39 | 42075 | ഗവൺമെന്റ് എച്ച്.എസ്. കൊടുവഴന്നൂർ | 2 (ഒരു പോസ്റ്റ് വേക്കന്റ്) |
| 40 | 42076 | ഗവൺമെന്റ് റ്റി.എച്ച്.എസ് ഇടിഞ്ഞാർ | 1 |
| 41 | 42086 | ഗവൺമെന്റ് എച്ച്.എസ് ജവഹർ കോളനി | 1 |
| 42 | 42087 | ഗവൺമെന്റ് എച്ച്.എസ് ചെറ്റച്ചാൽ | 1 |
| 43 | 42501 | ടെക്നിക്കൽ എച്ച്.എസ് നെടുമങ്ങാട് | 1 |
| 44 | 42084 | ഗവൺമെന്റ് എച്ച്.എസ് പൊങ്ങനാട് | 1 |
| 45 | 42085 | ഗവൺമെന്റ് എച്ച്.എസ് അയിലം | 1 |
| 46 | 44071 | ഗവൺമെന്റ് എച്ച്.എസ് ആനാവൂർ | 2 |
| 47 | 44044 | ഗവൺമെന്റ് കെ.വി. എച്ച്.എസ് അയിര | 1 |
| 48 | 44059 | ഗവൺമെന്റ് എച്ച്.എസ് ബാലരാമപുരം | 2 |
| 49 | 44006 | ഗവൺമെന്റ് ജി.എച്ച്.എസ് ധനുവച്ചപുരം | 2 |
| 50 | 44028 | ഗവൺമെന്റ് എച്ച്.എസ് കണ്ടല | 1 (ഒരു പോസ്റ്റ് വേക്കന്റ്) |
| 51 | 44012 | ഗവൺമെന്റ് എച്ച്.എസ് കാഞ്ഞിരംകുളം | 1 |
| 52 | 44063 | ഗവൺമെന്റ് എച്ച്.എസ് കീഴാറൂർ | 1 |
| 53 | 44033 | ഗവൺമെന്റ് എച്ച്.എസ് കോട്ടുകാൽ | 2 |
| 54 | 44021 | ഗവൺമെന്റ് എച്ച്.എസ് കുളത്തൂർ | 5 |
| 55 | 44019 | ഗവൺമെന്റ് എച്ച്.എസ് കുളത്തുമ്മൽ | 2 |
| 56 | 44022 | ഗവൺമെന്റ് ബോയ്സ് എച്ച്.എസ്. മലയിൻകീഴ് | 1 |
| 57 | 44024 | ഗവൺമെന്റ് ഗേൾസ് എച്ച്.എസ്. മലയിൻകീഴ് | 2 |
| 58 | 44029 | ഗവൺമെന്റ് എച്ച്.എസ്.എസ് മാരായമുട്ടം | 5 |
| 59 | 44062 | ഗവൺമെന്റ് എച്ച്.എസ് മൈലച്ചാൽ | 2 |
| 60 | 44053 | ഗവൺമെന്റ് എച്ച്.എസ്.എസ് നെയ്യാർഡാം | 1 |
| 61 | 44035 | ഗവൺമെന്റ് ബി.എച്ച്.എസ് നെയ്യാറ്റിൻകര | 2 |
| 62 | 44037 | ഗവൺമെന്റ് ജി.എച്ച്.എസ്.എസ് നെയ്യാറ്റിൻകര | 2 |
| 63 | 44041 | ഗവൺമെന്റ് വി.എച്ച്.എസ്.എസ് പാറശ്ശാല | 4 |
| 64 | 44060 | ഗവൺമെന്റ് വി.എച്ച്.എസ്. പരുത്തിപ്പള്ളി | 2 |
| 65 | 44069 | ഗവൺമെന്റ് എച്ച്.എസ് പെരുമ്പഴുതൂർ | 1 |
| 66 | 44068 | ഗവൺമെന്റ് എച്ച്.എസ് പ്ലാവൂർ | 3 |
| 67 | 44020 | ഗവൺമെന്റ് വി.എച്ച്.എസ്.എസ് പൂവച്ചൽ | 2 |
| 68 | 44002 | ഗവൺമെന്റ് വി.എച്ച്.എസ്.എസ് പൂവാർ | 1 |
| 69 | 44073 | ഗവൺമെന്റ് എച്ച്.എസ് തിരുപുറം | 1 |
| 70 | 44055 | ഗവൺമെന്റ് വി.എച്ച്.എസ്.എസ് വീരണക്കാവ് | 2 |
| 71 | 44050 | ഗവൺമെന്റ് മോഡൽ എച്ച്.എസ് വെങ്ങാനൂർ | 2 |

| ക്രമ നം. | സ്കൂൾ കോഡ് | സ്കൂളിന്റെ പേര് | എച്ച് എസ്.എ ഇംഗ്ലീഷ് |
|---|---|---|---|
| 72 | 44023 | ഗവൺമെന്റ് എച്ച്.എസ് വിളവൂർക്കൽ | 1 |
| 73 | 44357 | ഗവൺമെന്റ് എച്ച്.എസ് ഉത്തരംകോട് | 1 |
| 74 | 43069 | ഗവൺമെന്റ് എച്ച്.എസ് വാഴമുട്ടം | 2 |
| 75 | 43070 | ഗവൺമെന്റ് എച്ച്.എസ്.എസ് കമലേശ്വരം | 2 |
| 76 | 43072 | ഗവൺമെന്റ് വി.എച്ച്.എസ്.എസ് ഫോർ ഗേൾസ് മണക്കാട് | 7 |
| 77 | 43078 | ഗവൺമെന്റ് എച്ച്.എസ്.എസ് പുന്നമൂട് | 2 |
| 78 | 43084 | ഗവൺമെന്റ് മോഡൽ ബി.എച്ച്.എസ്.എസ് തൈക്കാട് | 2 |
| 79 | 43085 | ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ് കോട്ടൺഹിൽ | 12 |
| 80 | 43035 | ഗവൺമെന്റ് മോഡൽ ഗേൾസ് എച്ച്.എസ്.എസ് പട്ടം | 2 |
| 81 | 43037 | ഗവൺമെന്റ് എച്ച്.എസ് കട്ടച്ചാണി | 1 |
| 82 | 43038 | ഗവൺമെന്റ് വി ആന്റ് എച്ച്.എസ്.എസ് വട്ടിയൂർക്കാവ് | 2 |
| 83 | 43040 | ജി.ജി.എച്ച്.എസ്.എസ് പേരൂർക്കട | 2 |
| 84 | 43083 | എസ്.എം.വി മോഡൽ എച്ച്.എസ്.എസ് തിരുവനന്തപുരം | 2 |
| 85 | 43002 | ഗവൺമെന്റ് എച്ച്.എസ് വെയിലൂർ | 1 |
| 86 | 43003 | ഗവൺമെന്റ് വി.എച്ച്.എസ്.എസ് പിരപ്പൻകോട് | 3 |
| 87 | 43004 | ഗവൺമെന്റ് എച്ച്.എസ്.എസ് തോന്നയ്ക്കൽ | 4 |
| 88 | 43008 | ഗവൺമെന്റ് എച്ച്.എസ്.എസ് കഴക്കൂട്ടം | 1 |
| 89 | 43013 | ജി.ബി.എച്ച്.എസ്.എസ് കന്യാകുളങ്ങര | 1 |
| 90 | 43014 | ജി.ജി.എച്ച്.എസ്.എസ് കന്യാകുളങ്ങര | 3 |
| 91 | 43015 | ജി.എച്ച്.എസ്.എസ് നെടുവേലി | 2 |
| 92 | 43017 | ജി.എച്ച്.എസ്.എസ് അയിരൂർപ്പാറ | 2 |
| 93 | 43024 | ജി.എച്ച്.എസ്.എസ് കുളത്തൂർ | 1 |
| 94 | 43026 | ജി.എച്ച്.എസ് ശ്രീകാര്യം | 1 |

സെക്ഷൻ ഓഫീസർ